(ബി) അവയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ലാഭകരമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുമടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. കമ്പനികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും ലാഭകരമാക്കുന്നതിനുമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതോടൊപ്പംതന്നെ വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. നൂതനമായ സാങ്കേതികവിദ്യകൾ നടപ്പിലാക്കുക മുഖേന ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കാലപ്പഴക്കംചെന്ന മെഷിനറികളുടെ നവീകരണം നടപ്പിലാക്കിയും സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഈ സർക്കാർ ഏകദേശം 839.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ടാവൻകൂർ സിമന്റ്സ്

185(2387) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ നിലവിലെ അവസ്ഥ ലാഭകരമാണോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നാണ് വാഗ്ദാനം ചെയ്തത്; വ്യക്തമാക്കുമോ; ആയത് നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സഹായം ആവശ്യപ്പെട്ടിരുന്നുവോ ; പ്രസ്തുത സഹായം നല്കാൻ സാദ്ധ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2000-01 സാമ്പത്തിക വർഷം മുതൽ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ട്രാവൻകൂർ സിമന്റ്സ് ലാഭകരമാക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1. മെച്ചപ്പെട്ട ഉൽപ്പാദനക്ഷമതയ്ക്കായി പ്ലാന്റുകളുടെ നവീകരണം
2. ഉൽപ്പാദന വൈവിധ്യവൽക്കരണം: ഗ്രേ സിമന്റ്, റെഡി മിക്സ്, ഡ്രൈ മോർട്ടാർ, പ്രൈമേഴ്സ് ആന്റ് പെയിന്റ്സ് മുതലായവ
3. ദക്ഷിണേന്ത്യയിൽ മുഴുവൻ പുതിയ സ്റ്റോക്കിസ്റ്റുകളെയും സി ആന്റ് എഫ് ഏജന്റുമാരെയും നിയമിച്ച് വിപണനം മെച്ചപ്പെടുത്തുക.
4. പ്രോജക്ട് ഡിവിഷന്റെ വൈവിധ്യവൽക്കരണം: അണക്കെട്ടുകളിലെ ചെളി നീക്കം ചെയ്യുക, തുറമുഖങ്ങളുടെ ആഴംകൂട്ടൽ, ഉൾനാടൻ ജലഗതാഗത പാതയുടെ ആഴംകൂട്ടൽ, വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സൗന്ദര്യവൽക്കരണം, ജലസേചന പദ്ധതികളുടെ അണക്കെട്ടുകളുടെ ആഴംകൂട്ടൽ.

കമ്പനിയിൽ നിലവിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപ്പാദനചെലവും ജീവനക്കാരുടെ എണ്ണവും ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനും ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിലേയ്ക്കായി ഒരു സിമന്റ് മില്ല്, ഹൈ ക്രോം മില്ലായി മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ദക്ഷിണേന്ത്യയിൽ മുഴുവൻ വിപണന കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ട്രാവൻകൂർ സിമന്റ്സിന്റെ അധിക വരുമാന ആവശ്യത്തിലേയ്ക്കായി സിമന്റ് ഉൽപ്പാദനത്തിനുപുറമെ ഖനന മേഖലകളിലും (dredging) പ്രവർത്തനം ആരംഭിക്കാൻ തുടക്കമിട്ടിട്ടുണ്ട്.

ഇപ്പോൾ ആക്കുളം കായലിന്റെ നവീകരണ ജോലികൾ, തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ ആഴംകൂട്ടൽ കമ്പനി ഏറ്റെടുത്ത് നടത്തുന്നുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ ലോവർ പെരിയാർ, കല്ലാർകുട്ടി, അയ്യപ്പൻ കോവിൽ എന്നീ ജല

സംഭരണികളിലെ മാലിന്യങ്ങൾ നീക്കംചെയ്യുന്ന പദ്ധതികളും നടത്താൻ കമ്പനി ആരംഭിച്ചിരിക്കുന്നു. കൂടാതെ വേമ്പനാട് ബ്രാന്റ് എന്ന പേരിൽ ഗ്രേ സിമന്റ്, കോൺക്രീറ്റ് റെഡി മിക്സ്, സിമന്റ് മോർട്ടാർ എന്നിവ വിപണനം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചു. ഈ വക പ്രക്രിയയിലൂടെ കമ്പനി സമീപ കാലങ്ങളിൽ ലാഭകരമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ അനുവദിച്ച സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	തുക (ലക്ഷത്തിൽ)	ഉദ്ദേശ്യം
(1)	(2)	(3)
2006-07	250	
2007-08	111	11 ലക്ഷം - പി.എഫ്. കടിശ്ശിക, 100 ലക്ഷം - ഡ്രഡ്ജറിന്റെ അറ്റകുറ്റപ്പണിയും പരസ്യവും
2008-09	...	
2009-10	...	
2010-11	250	പ്രവർത്തന മൂലധനം
2011-12	300	പ്രവർത്തന മൂലധനം
2012-13	300	പ്രവർത്തന മൂലധനം
2013-14	443	400 ലക്ഷം - മുതൽ മുടക്ക് 43 ലക്ഷം-പ്രവർത്തന മൂലധനം
2014-15	400	പ്രവർത്തന മൂലധനം
2015-16	200	പ്രവർത്തന മൂലധനം

ട്രാവൻകൂർ സിമന്റ്സിന് പ്രവർത്തന മൂലധനമായി സർക്കാർ 4 കോടി രൂപയുള്ള ഭരണാനുമതി നൽകുകയും ആയതിൽനിന്ന് ആദ്യ ഗഡുവായി 2 കോടി രൂപ നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly